**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3062** — **25-06-2024 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി മത്സ്യസമ്പാദന യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനാണ് ഇതുവരെ ഫണ്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം, മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബർ, കോഴിക്കോട് ജില്ലയിലെ പുതിയാപ്പ, കൊയിലാണ്ടി ഫിഷിംഗ് ഹാർബറുകൾ എന്നിവയുടെ ആധുനികവൽക്കരണം, ആലപ്പുഴ ജില്ലയിലെ കായംകുളം, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, മലപ്പുറം ജില്ലയിലെ പൊന്നാനി, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി എന്നീ ഫിഷിംഗ് ഹാർബറുകളുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ എന്നിവയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 161.11 കോടി രൂപയുടെ ഭരണാനുമതി 29/03/2023 ലെ സ.ഉ(സാധാ) നം.273/2023/മതുവ പ്രകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 10 പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടപ്പള്ളി ഹാർബർ വികസനത്തിന് രൂപം നൽകിയിട്ടുണ്ടോ; എന്തൊക്കെ വികസന പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ; എത്ര രൂപയുടെ ഡി.പി.ആർ. ആണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ? | (ബി) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) -യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപരേഖയിന്മേൽ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫോർ ഫിഷറി (CICEF) ൽ നിന്നും 19/11/2023 ൽ ടെക്നിക്കൽ കമന്റ്സ് ലഭ്യമാകുകയും ആയതിനുള്ള മറുപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും 25/01/2024 ൽ CICEF ന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപരേഖയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ